LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയ സംഘട്ടനങ്ങളിൽ മരണമടഞ്ഞവർ

67 [68] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ വരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഈ വർഗ്ഗീയ സംഘട്ടനങ്ങളിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) വർഗ്ഗീയ സംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി, ഡി & ഇ) വിവരം ശേഖരിച്ചു വരുന്നു.

സ്ത്രീപീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ

68 [69] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ത്രീപീഡനത്തെത്തുടർന്ന് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) സ്ത്രീപീഡനത്തെത്തുടർന്ന് എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 326 പേർ.

(ബി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	..	41
കൊല്ലം	..	25
പത്തനംതിട്ട	..	6
ആലപ്പുഴ	..	13
കോട്ടയം	..	20
ഇടുക്കി	..	33
എറണാകുളം	..	23
തൃശ്ശൂർ	..	33
പാലക്കാട്	..	51
മലപ്പുറം	..	25
കോഴിക്കോട്	..	19
വയനാട്	..	12
കണ്ണൂർ	..	11
കാസറഗോഡ്	..	14
		326

(സി) 84 കൊലപാതക കേസുകൾ.

പെൺവാണിഭ കേസുകൾ

69 [70] <u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly